©
കേരള സർക്കാർ
Government of Kerala
2020

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.Kl/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 9<br>Vol. IX | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2020 ഒക്ടോബർ 20<br>20th October 2020<br>1196 തുലാം 4<br>4th Thulam 1196<br>1942 ആശ്വിനം 28<br>28th Aswina 1942 | നമ്പർ<br>No. | 2471 |

### കേരള സർക്കാർ

### തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

### വിജ്ഞാപനം

**സ.ഉ. (അ) നമ്പർ 59/2020/ത.സ്വ.ഭ.വ.** തിരുവനന്തപുരം, *2020 ഒക്ടോബർ 4*
*1196 കന്നി 18.*

**എസ്. ആർ. ഒ. നമ്പർ 719/2020**

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ (1994-ലെ 13) 169-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ച്, കേരള സർക്കാർ, താഴെ പട്ടികയിൽ വിവരിച്ചിട്ടുള്ളതും, പ്രസ്തുത ആക്റ്റിലെ 169-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

എറണാകുളം ജില്ലയിലെ മുളവുകാട് ഗ്രാമ പഞ്ചായത്തിൽ നിക്ഷിപ്തമായതും റവന്യൂ രേഖകളിൽ 'പൊതു വഴി' എന്ന് രേഖപ്പെടുത്തിയിട്ടുള്ളതുമായ ഭൂമി പ്രസ്തുത ഗ്രാമ പഞ്ചായത്തുമായി കൂടിയാലോചിച്ച ശേഷം പ്രസ്തുത ആക്റ്റിന്റെ പരിധിയിൽ നിന്നും ഇതിനാൽ ഒഴിവാക്കുന്നു, അതായത് :

**പട്ടിക**

| | | |
|---|---|---|
| ജില്ല | - | എറണാകുളം |
| താലൂക്ക് | - | കണയന്നൂർ |
| വില്ലേജ് | - | മുളവുകാട് |
| ഗ്രാമ പഞ്ചായത്ത് | - | മുളവുകാട് |
| ബ്ലോക്ക് നമ്പർ | - | 3 |
| റീസർവ്വേ നമ്പർ | - | 281/14 (പഴയത് 373/1) |
| വിസ്തീർണ്ണം | - | 00.50 ആർ |

**അതിരുകൾ**

| | | |
|---|---|---|
| വടക്ക് | - | സർവ്വെ നമ്പർ 281/15 ( ജൈൻ കൺസ്ട്രക്ഷൻസ് വക) |
| തെക്ക് | - | സർവ്വെ നമ്പർ 281/12,13 (ജൈൻ കൺസ്ട്രക്ഷൻസ് വക) |
| കിഴക്ക് | - | ബോൾഗാട്ടി - മുളവുകാട് പഞ്ചായത്ത് റോഡ് (GIDA) |
| പടിഞ്ഞാറ് | - | സർവ്വെ നമ്പർ 281/6 (ജൈൻ കൺസ്ട്രക്ഷൻസ് വക) |

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം ,
ശാരദ മുരളീധരൻ
*ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

എറണാകുളം ജില്ലയിലെ കണയന്നൂർ താലൂക്ക്, മുളവുകാട് വില്ലേജിൽ ജൈൻ ഹൗസിംഗ് ആന്റ് കൺസ്ട്രക്ഷൻസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള വസ്തുവിനുള്ളിലായി, നിലവിൽ പഞ്ചായത്തിനും പൊതുജനങ്ങൾക്കും ഉപയോഗപ്രദമല്ലാതെ സ്ഥിതി ചെയ്യുന്നതും, റവന്യൂ രേഖകളിൽ 'പൊതു വഴി' എന്ന് രേഖപ്പെടുത്തിയിട്ടുള്ളതുമായ റീസർവ്വേ നമ്പർ 281/14 -ൽപ്പെട്ട 00.50 ആർ ഭൂമി, മേൽപ്പറഞ്ഞ സ്ഥാപനത്തിനു വിട്ടു നൽകുന്നതിന് പകരമായി, പ്രസ്തുത സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള, മുളവുകാട് വില്ലേജ്, റീസർവ്വേ നമ്പർ 280/8 - ൽപെട്ട 2 സെന്റ് സ്ഥലവും അതിൽ പ്രസ്തുത സ്ഥാപനം നിർമ്മിച്ചു നൽകാമെന്ന് രേഖാമൂലം സമ്മതിച്ചിട്ടുള്ള 900 ചതുരശ്ര അടി വിസ്തീർണ്ണം വരുന്ന കെട്ടിടവും സ്വീകരിക്കുന്നതിന് മുളവുകാട് ഗ്രാമ പഞ്ചായത്തിന് അനുമതി നൽകി 2018 മാർച്ച് 1-ാം തീയതിയിലെ സ.ഉ.(കൈ)നം.30/2018/ത.സ്വ.ഭ.വ. പ്രകാരം ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ, 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് (1994-ലെ 13) 169-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം മുളവുകാട് ഗ്രാമ പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള, റീസർവ്വേ നമ്പർ 281/14 -ൽപ്പെട്ട 00.50 ആർ ഭൂമി, പ്രസ്തുത ആക്റ്റിലെ 169-ാം വകുപ്പ് (3) -ാം ഉപവകുപ്പ് പ്രകാരം പ്രസ്തുത ആക്റ്റിന്റെ പരിധിയിൽ നിന്നും ഒഴിവാക്കുന്നതിന് മുളവുകാട് ഗ്രാമ പഞ്ചായത്തുമായി കൂടിയാലോചിച്ച ശേഷം കേരള സർക്കാർ തീരുമാനിച്ചു.

പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2020

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Salim A
Date:2020.10.20 02:25:54 +05:30